I ഇ.ബി. XIII – കേരള നിയമസഭ/I-15

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നിയമസഭാ നടപടികൾ**

**സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2011 ജൂലൈ 19, ചൊവ്വ

നിയമസഭ രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**അടിയന്തിരപ്രമേയം**

**റബ്ബർ ഇറക്കുമതി**

മി. സ്പീക്കർ: റബ്ബർ ഇറക്കുമതിച്ചുങ്കം 20 ശതമാനത്തിൽ നിന്ന് 7.5 ശതമാനമായി വെട്ടിക്കുറച്ചുകൊണ്ട് 40000 ടൺ റബ്ബർ ഇറക്കുമതി ചെയ്യാനുള്ള കേന്ദ്ര ധനമന്ത്രാലയത്തിന്റെ തീരുമാനം കേരളത്തിലെ റബ്ബർ കർഷകരെ അതീവ ദോഷകരമായി ബാധിക്കുമെന്ന് പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സുരേഷ് കുറുപ്പ്, വി.എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇറക്കുമതിച്ചുങ്കം വെട്ടിക്കുറച്ചുകൊണ്ട് 40000 ടൺ റബ്ബർ ഇറക്കുമതി ചെയ്യാനുള്ള തീരുമാനം കേന്ദ്ര ഗവൺമെന്റ് കൈക്കൊണ്ടതായി ഔദ്യോഗികമായ അറിയിപ്പ്

വന്നിട്ടില്ല. ഇപ്പോൾ സാമാന്യം നല്ല വില കിട്ടുന്ന റബ്ബറിന്റെ ആഭ്യന്തര വിലയിൽ ഇടിവുണ്ടാകുന്ന വിധത്തിൽ ഒരു നടപടിയും ഉണ്ടാകാൻ പാടില്ലെന്ന നിലപാടാണ് സംസ്ഥാന ഗവൺമെന്റിനുള്ളത്. കഴിഞ്ഞ വർഷവും 40000 ടൺ റബ്ബർ ഇറക്കുമതി ചെയ്യാനുള്ള തീരുമാനം കേന്ദ്ര സർക്കാർ എടുത്തിരുന്നെങ്കിലും 3500 ടൺ മാത്രമേ ഇറക്കുമതി ചെയ്തിട്ടുള്ളൂ. അതേ സാഹചര്യം തന്നെയാണ് ഇപ്പോഴും നില നിൽക്കുന്നത്. നമ്മുടെ ആഭ്യന്തര ഉൽപാദനത്തേക്കാൾ കൂടുതൽ റബ്ബർ ആവശ്യമാണെന്ന കാരണം ഉന്നയിച്ചാണ് റബ്ബർ ഇറക്കുമതിക്കുവേണ്ടി ടയർ കമ്പനികൾ സമ്മർദ്ദം ചെലുത്തുന്നത്. ഇറക്കുമതി ഇല്ലാത്തവിധത്തിൽ ഇവിടത്തെ ആഭ്യന്തര ഉപയോഗം നിയന്ത്രിക്കാൻ സാധിക്കണമെന്ന സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതാണ്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: ഇറക്കുമതിച്ചുങ്കം കുറച്ചുകൊണ്ട് 40000 ടൺ റബ്ബർ ഇറക്കുമതി ചെയ്യാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം കേരളത്തിന്റെ സമ്പദ്ഘടനയേയും ചെറുകിട റബ്ബർ കൃഷിക്കാരേയും പ്രതിസന്ധിയിലാക്കും. കഴിഞ്ഞ കുറേ വർഷങ്ങളായി ഭേദപ്പെട്ട വില കിട്ടിക്കൊണ്ടിരുന്ന റബ്ബറിന് കേന്ദ്ര ഗവൺമെന്റിന്റെ ഈ തീരുമാനം വന്നയുടനെ കിലോഗ്രാമിന് അഞ്ച് രൂപ കുറഞ്ഞിരിക്കുകയാണ്. റബ്ബർ ബോർഡിനോടുപോലും ആലോചിക്കാതെയാണ് ഈ തീരുമാനമെടുത്തിട്ടുള്ളത്. കേരളത്തിലേയും അന്താരാഷ്ട്ര വിപണിയിലേയും റബ്ബറിന്റെ വില ഏകദേശം തുല്യമായി നിൽക്കുന്ന ഈ അവസരത്തിൽ ഇറക്കുമതി ചെയ്യേണ്ട യാതൊരാവശ്യവുമില്ല. കഴിഞ്ഞ വർഷം ഇറക്കുമതി ചെയ്ത റബ്ബർ ഇതുവരെയും ലിഫ്റ്റ് ചെയ്തിട്ടില്ലാത്ത അവസ്ഥയാണുള്ളത്.

ഇറക്കുമതിയിലൂടെ റബ്ബറിന്റെ വില കുറയ്ക്കാനുള്ള ശ്രമമാണ് നടത്തുന്നത്. സെപ്റ്റംബർ മുതലുള്ള പീക്ക് സീസണിൽ കേരളത്തിൽ റബ്ബർ ഉല്പാദനം വർദ്ധിക്കാനുള്ള സാഹചര്യമുള്ളപ്പോൾ ഇറക്കുമതി ചെയ്യാനുള്ള തീരുമാന മെടുത്തത് ടയർ ലോബിയെ സഹായിക്കാനും കേരളത്തിലെ റബ്ബർ കൃഷിക്കാരന് ലഭിക്കുന്ന തുച്ഛമായ ലാഭം ഇല്ലാതാക്കാനും വേണ്ടിയാണ്. ഈ തീരുമാനം പിൻവലിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. തീരുവ കുറച്ചുകൊണ്ട് റബ്ബർ ഇറക്കുമതി അനുവദിക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം അനുവദിക്കാൻ പാടില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): റബ്ബർ ബോർഡിന്റെ കണക്ക നുസരിച്ചുതന്നെ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തേക്കാൾ ഉപയോഗം കൂടുതലാണ്. നിലവിലുള്ള നികുതി ഘടന എന്നുപറയുന്നത് 20 ശതമാനമോ 20 രൂപയോ ഏതാണോ കുറവ് അതാണ്. ഇപ്പോൾ അത് ഏഴര ശതമാനമായി കുറഞ്ഞപ്പോൾ ഡ്യൂട്ടി 15 രൂപയായി കുറയും. അന്താരാഷ്ട്ര മാർക്കറ്റിലുള്ള വില വ്യത്യാസം അഞ്ചുരൂപയാണെന്നാണ് ഔദ്യോഗികമായി ലഭിച്ച കണക്ക്. ആഭ്യന്തര ഉൽപ്പാദനത്തിൽ 85000 ടണ്ണിന്റെ കുറവ് വന്നിരിക്കുന്നു എന്ന പേരിലാണ് ഇപ്പോൾ 40000 ടൺ റബ്ബർ ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചത് എന്നാണറിയുന്നത്. റബ്ബർ ബോർഡിന് രണ്ട് മാസത്തെ സ്റ്റോക്ക് എപ്പോഴും കൈവശം വയ്ക്കാനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. കഴിഞ്ഞവർഷവും റബ്ബർ ഇറക്കുമതിക്കുള്ള തീരുമാനം വന്നപ്പോൾ നാലോ അഞ്ചോ ദിവസം മാത്രം വില കുറയുകയും പിന്നീട് വില കൂടുകയുമാണ് ഉണ്ടായത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിച്ച വികാരം ഉൾക്കൊണ്ടുകൊണ്ട് കേരള ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര

ഗവൺമെന്റിനെ അറിയിക്കും. ഈ തീരുമാനത്തിന്റെ പ്രത്യാഘാതം ആഭ്യന്തര വിപണിയിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ പരിശോധിച്ചശേഷം അവ റബ്ബർ കർഷകന് ദോഷകരമായിട്ടാണ് വരുന്നതെങ്കിൽ കുറേക്കൂടി ഫലപ്രദ മായ ഇടപെടൽ നടത്തുന്ന കാര്യം പ്രതിപക്ഷ നേതാവിനോടുകൂടി ആലോചിച്ച് ചെയ്യുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

**(1) കുട്ടികൾക്കെതിരായ ക്രൂരതയും അതിക്രമവും തടയാൻ നടപടി**

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി: തൊടുപുഴയിലും നെടുങ്കണ്ടത്തും ഉണ്ടായ സംഭവങ്ങൾ നാട്ടിൽ കുഞ്ഞുങ്ങൾക്കെതിരെയുള്ള ക്രൂരതകളും അതിക്രമങ്ങളും വർദ്ധിച്ചുവരുന്നതിന് ഉദാഹരണങ്ങളാണ് ശിശുപീഡന ത്തിനിടയാക്കുന്ന സാഹചര്യം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കണം. കുട്ടികളെ കുറ്റകൃത്യത്തിന് പ്രേരിപ്പിക്കുന്നതിന് പിന്നിലെ സാഹചര്യം സി.ഡി.യും നീലച്ചിത്രങ്ങളും കുടുംബ പശ്ചാത്തലവുമാണ്. മദ്യവും മയക്കുമരുന്നും വിദ്യാലയങ്ങളുടെ 400 മീറ്റർ ചുറ്റളവിൽ നിരോധിക്കും

എന്ന സർക്കാർ തീരുമാനം സ്വാഗതാർഹമാണ്. മയക്കുമരുന്നുകളുടെ ഉപയോഗത്തിനെതിരെയുള്ള ധാർമ്മിക ബോധനം വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുകയും കുട്ടികൾക്ക് ഇലക്ട്രോണിക് മീഡിയ വഴി ലഭിക്കുന്ന അധാർമ്മിക-സമാന്തര വിദ്യാഭ്യാസം തടയുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം. ഇലക്ട്രോണിക് മീഡിയ കുട്ടികളുടെ വായനാശീലവും മാതൃഭാഷയോടുള്ള ബന്ധവും തകർക്കുന്നതോടൊപ്പം അവരെ തെറ്റായ വഴിയിലേക്ക് നയിക്കുകയും ചെയ്യുന്നതിനെതിരെ ജാഗ്രത പുലർത്തണം. പോലീസ് ഫോഴ്സിനെ ഉപയോഗിച്ച് കുഞ്ഞുങ്ങൾക്കെതിരായ ക്രൂരത അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബാലഭിക്ഷാടനം, ബാലവേല, കുട്ടികളെ ലൈംഗിക പീഡനത്തിന് വിധേയരാക്കൽ തുടങ്ങിയ ക്രൂരകൃത്യങ്ങൾ സംസ്ഥാനത്ത് അടുത്തകാലത്തായി വർദ്ധിച്ചിട്ടുണ്ട്. ഇത്തരം ക്രൂരതയിൽ സ്വന്തം മാതാപിതാക്കളും ബന്ധുക്കളും അദ്ധ്യാപകരും ഉൾപ്പെടുന്നുവെന്ന വസ്തുത അത്യധികം വേദനാജനകവും സമഹൂത്തിനാകെ അപമാനകരവുമാണ്. ബാലഭിക്ഷാടനം, ബാലവേല, കുട്ടികളെ തട്ടിക്കൊണ്ടുപോകൽ എന്നിവ തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആന്റി ഹ്യൂമൺ ട്രാഫിക്കിംഗ് യൂണിറ്റ് സ്ഥാപിക്കുകയും ഇതിന്റെ സംസ്ഥാന നോഡൽ ഓഫീസറായി ഡി.ഐ.ജി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെയും ജില്ലാതല നോഡൽ ഓഫീസർമാരായി ഡി.സി.ആർ.ബി.യിലെ എ.സി.പി./ഡിവൈ.എസ്.പി. മാരെയും നിയമിച്ചിട്ടുണ്ട്. സോഷ്യൽ വെൽഫയർ ഡിപ്പാർട്ടുമെന്റ്, ചൈൽഡ് വെൽഫയർ കമ്മിറ്റി, ചൈൽഡ് ലൈൻ സർവ്വീസ് തുടങ്ങിയവയുടെ സേവനം പ്രയോജനപ്പെടുത്തി ഇത്തരം സംഭവങ്ങളിൽ അകപ്പെടുന്നവരെ കണ്ടെത്തി രക്ഷിക്കുന്നതിന്

നടപടി സ്വീകരിച്ചിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിലേക്കും അവിടെ നിന്ന് കേരളത്തിലേയ്ക്കുമുള്ള മനുഷ്യക്കടത്ത് നിരീക്ഷിക്കാൻ എ.ഡി.ജി.പി. (ഇന്റലിജൻസ്)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങൾ കണ്ടെത്തുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും അവരവരുടെ അധികാരത്തിൽ വരുന്ന പ്രദേശങ്ങളിൽ റെയിഡ് നടത്താനും കർശനനടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാലയങ്ങളുടെ സമീപത്തുള്ള 400 മീറ്റർ ചുറ്റളവിൽ പാൻമസാല/ മയക്കുമരുന്ന് വിൽപ്പന നിരോധിച്ച് അദ്ധ്യാപകരുടെ സഹകരണത്തോടുകൂടി അവ ഉപയോഗിക്കുന്നവരെക്കുറിച്ചും അതിന്റെ ഉറവിടവും കണ്ടെത്താനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. ഇതുസംബന്ധിച്ച് മുഖ്യമന്ത്രിയെന്ന നിലയിൽ വ്യക്തിപരമായ കത്ത് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേയും ഹെഡ്മാസ്റ്റർമാർക്ക് അയയ്ക്കുന്നതാണ്. മയക്കുമരുന്ന് നിരോധിക്കണമെന്ന് പ്രധാനമന്ത്രിയോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ലൈംഗിക ആക്ഷേപങ്ങൾ, കുറ്റങ്ങൾ, അതിനെ തുടർന്നുള്ള കൊലപാതകങ്ങൾ എന്നിവയ്ക്കെതിരെ നിയമ നടപടി സ്വീകരിക്കാൻ സർക്കാരിന് സാധിക്കുമെങ്കിലും സ്വന്തക്കാരുടെ ഭാഗത്തുനിന്നുമുള്ള പീഡനങ്ങൾ തടയാൻ സമൂഹം ജാഗരൂകരാകണം. ഇതിന് ഇലക്ട്രോണിക് മീഡിയയുടേയും പ്രസിദ്ധീകരണങ്ങളുടേയും സഹകരണം ആവശ്യമാണ്.

## (2) <u>പാരിസ്ഥിതിക മലിനീകരണം</u>

<u>ശ്രീ. രാജു എബ്രഹാം</u>: കേരളം നേരിടുന്ന പാരിസ്ഥിതിക മലിനീകരണ പ്രശ്നം വളരെ ഗുരുതരമാണ്. വഴിയോരങ്ങളിൽ മലിനവസ്തുക്കൾ നിക്ഷേപിക്കുന്നത് കർശനമായി തടയണം. കേരളത്തെ മൂന്നായി വിഭജിച്ച്

മൂന്ന് സ്ഥലങ്ങളിൽ നൂറോ നൂറ്റിയമ്പതോ ഏക്കർ സ്ഥലമെടുത്ത് വൈദ്യുതി ഉല്പാദനംകൂടി മുന്നിൽ കണ്ടുകൊണ്ട് ശാസ്ത്രീയമായ ട്രീറ്റുമെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. പത്ത് സെന്റിൽ കൂടുതൽ ഭൂമിയുള്ള എല്ലാ വീടുകളിലും വെർമി കമ്പോസ്റ്റും ബയോ കെമിക്കൽ യൂണിറ്റുകളും സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്യണം. ചെറുകിട വ്യവസായ യൂണിറ്റുകളിൽ കോമൺ ട്രീറ്റുമെന്റ് പ്ലാന്റുകൾ ആരംഭിക്കാവുന്നതാണ്. മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച് ജനങ്ങളിൽ ബോധവത്കരണം നടത്തണം. എല്ലാ നിത്യോപയോഗ സാധനങ്ങളിലും വൻതോതിൽ കീടനാശിനി പ്രയോഗം നടക്കുന്നുണ്ട്. റബ്ബർ തോട്ടങ്ങളിൽ റെഡ് കാറ്റഗറയിൽപ്പെട്ട കീടനാശിനികൾ കളനാശിനിയായി ഉപയോഗി ക്കുന്നത് തടയണം. രാസകീടനാശിനികൾക്കും രാസവളങ്ങൾക്കുംപകരം ജൈവ കീടനാശിനികളും ജൈവവളങ്ങളും ഉപയോഗിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ജൈവാവ ശിഷ്ടങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ, സ്വീവേജ്, സെപ്റ്റിക് ടാങ്ക് മാലിന്യങ്ങൾ, വ്യാവസായിക മാലിന്യങ്ങൾ, കീടനാശിനി പ്രയോഗം എന്നിവ മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ത്രിതല പഞ്ചായത്തുകൾ പ്രത്യേകം ശ്രദ്ധിക്കണം. മാലിന്യങ്ങൾ കുന്നുകൂടാതെ ഫലപ്രദമായി സംസ്ക്കരിക്കുന്നതിന് ജനങ്ങളിൽ അവബോധം ഉണ്ടാക്കേണ്ടതുണ്ട്. ഈ സർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗ മായി നഗര സ്വഭാവമുള്ള മൂന്ന് ഗ്രാമ പഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്താനും പത്ത് നഗരസഭകളിൽ നിലവിലുള്ള പ്ലാന്റുകൾ പരിശോധിച്ച് കുറ്റമറ്റതാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നഗര മാലിന്യനിർമ്മാർജ്ജന പദ്ധതികൾ എല്ലാ

മുനിസിപ്പാലിറ്റികളിലും ആവശ്യമായ പഞ്ചായത്തുകളിലും ഏർപ്പെടു ത്തുന്നതിനും എല്ലാ സ്വകാര്യ ആശുപത്രികളിലും മാലിന്യനിർമ്മാർജ്ജനം ഉറപ്പാക്കുന്നതിനുമായി തദ്ദേശ സ്ഥാപനങ്ങളിൽ ലൈസൻസിന് അപേക്ഷി ക്കുന്ന സമയത്തുതന്നെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുവാദപത്രംകൂടി നിർബന്ധമാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരി ക്കുന്നതാണ്. ഹെലികോപ്ടറിലൂടെ തോട്ടങ്ങളിൽ കീടനാശിനികൾ തളിക്കുന്നത് നദികളേയും മനുഷ്യാധിവാസ മേഖലകളെയും മലിനപ്പെടു ത്തുന്നുവെന്നും വർഷങ്ങളോളം കീടനാശിനികൾ ഉപയോഗിക്കുന്നത് പരിസ്ഥിതിക്കും മനുഷ്യർക്കും ഹാനികരമാണെന്നുമാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. സ്ഥിരമായി ഉപയോഗിക്കുന്ന കീടനാശിനികൾക്കെതിരെ കീടങ്ങൾ സ്വയം പ്രതിരോധശേഷി ആർജ്ജിക്കാറുള്ളതായി പഠനങ്ങൾ തെളിയിക്കുന്നു. സംയോജിത കീടനിയന്ത്രണ ഉപാധികൾ വികസിപ്പിച്ചെടു ക്കുന്നതിനുള്ള ഗവേഷണങ്ങൾ, കാർഷിക മേഖലകളിൽ കൂടുതലായി ഉണ്ടാകുന്ന കീടബാധ തടയാൻ ശേഷിയുള്ള സവിശേഷ വിത്തിനങ്ങൾ, കീടനാശിനികളെ സംബന്ധിക്കുന്ന പൂർണ്ണ വിവരങ്ങൾ കർഷകരെ ധരിപ്പിക്കൽ എന്നിവ പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കാൻ സഹായ കരമാകും. സംസ്ഥാനത്ത് ഒരു കീടനാശിനി നയം രൂപീകരിക്കുന്നതാണ്. ജൈവ കീടനാശിനി വ്യാപിപ്പിക്കുകയും ലഭ്യമാക്കുകയും ചെയ്യുന്നതിന് മുൻഗണന നൽകുന്നതാണ്.

## <u>സബ്മിഷൻ</u>

### (1) <u>കുഡുംബി സമുദായത്തിന് സർക്കാർ തസ്തികകളിൽ സംവരണം</u>

<u>ശ്രീ. ടി.എൻ. പ്രതാപൻ</u> : കുഡുംബി സമുദായത്തിന് സംസ്ഥാന സർവ്വീസിൽ ക്ലാസ് I മുതൽ III വരെയുള്ള തസ്തികകളിൽ ഒരു ശതമാനം

സംവരണവും ക്ലാസ് IV തസ്തികകളിൽ രണ്ട് ശതമാനം സംവരണവും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കുഡുംബി സമുദായത്തിന്റെ പിന്നോക്കാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുഡുംബി സമുദായത്തിന് ഇപ്പോൾ ക്ലാസ് I മുതൽ III വരെയുള്ള തസ്തികകൾക്ക് മൂന്ന് ശതമാനം സംവരണവും ക്ലാസ് IV തസ്തികകൾക്ക് 6 ശതമാനം സംവരണവും ലഭിക്കുന്നുണ്ട്. ഈ സമുദായത്തിന്റെ സാമൂഹ്യ, സാമ്പത്തിക പിന്നോക്കാവസ്ഥയുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിനായി പിന്നോക്ക ക്ഷേമ കമ്മീഷന്റെ പഠന റിപ്പോർട്ട് സർക്കാരിന് ലഭിക്കുന്ന മുറയ്ക്ക് ഉദ്യോഗ നിയമനങ്ങളിൽ അർഹമായ പരിഗണന നൽകുന്നതാണ്.

## (2) ജുഡീഷ്യൽ അംഗങ്ങളുടെ നിയമനം

ശ്രീ. കെ. സുരേഷ് കുറുപ്പ് : കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയ്ക്ക് കഴിഞ്ഞ ഗവൺമെന്റ് നാമനിർദ്ദേശം ചെയ്ത ജുഡീഷ്യൽ അംഗങ്ങളുടെ പേര് സ്വീകാര്യമല്ലെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാനും പുതിയ അപേക്ഷകൾ സ്വീകരിക്കാനുമുള്ള മന്ത്രിസഭാ തീരുമാനം പിൻവലിക്കാൻ സർക്കാർ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയ്ക്ക് 2001-2006 കാലയളവിൽ ഇറക്കിയ ഓർഡിനൻസ് പ്രകാരം ജുഡീഷ്യറിയിൽനിന്നുള്ള മൂന്ന് അംഗങ്ങളെയാണ് ഉൾപ്പെടുത്തിയിരുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് പ്രസ്തുത സമിതിയുടെ

ചെയർമാനായി സിറ്റിംഗ് ജഡ്ജിയേയും മറ്റ് രണ്ട് അംഗങ്ങളായി ജഡ്ജിമാരാകാൻ യോഗ്യതയുള്ളവരെയും നിശ്ചയിക്കുകയുണ്ടായി. ജീവനക്കാരുടെ കാര്യങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കാൻ പോകുന്ന സർവ്വീസ് ട്രൈബ്യൂണലിന്റെ പ്രവർത്തനം സംശയങ്ങൾക്കും രാഷ്ട്രീയ താൽപ്പര്യങ്ങൾക്കും അതീതമായിരിക്കണം. കഴിഞ്ഞ ഗവൺമെന്റ് നിയമിച്ച രണ്ടുപേരെ മാറ്റി പകരം ആളുകളെ നിയമിക്കുകയാണെന്ന ധാരണ ശരിയല്ല. ജുഡീഷ്യറിയിൽ നിന്നുളള അംഗങ്ങളെത്തന്നെ നിയമിക്കണമെന്നതാണ് ഗവൺമെന്റിന്റെ നയം. അതിന്റെ ഭാഗമായിട്ടെടുത്ത തീരുമാനത്തിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നില്ല.

## (3) <u>തൃക്കാക്കരയിലെ റോഡ് പദ്ധതികൾ</u>

<u>ശ്രീ. ബെന്നി ബെഹനാൻ</u> : തൃക്കാക്കരയിലേയും സമീപപ്രദേശങ്ങളിലേയും ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി തൃക്കാക്കര റിംഗ് റോഡ്, പുല്ലേപ്പടി-തമ്മനം റോഡ്, സീപോർട്ട്-എയർപോർട്ട് റോഡുമായി ബന്ധിപ്പിക്കൽ, കടമ്പ്രയാർ വാട്ടർവേ എന്നീ പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കുന്നതിനും പശ്ചാത്തല വികസനത്തിനും നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u> : സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാകുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള വികസനം കണക്കിലെടുത്ത് ഗതാഗത സൗകര്യം ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. തൃക്കാക്കര റിംഗ് റോഡ്, കടമ്പ്ര റോഡ്, കടമ്പ്രയാർ വാട്ടർ വേ എന്നീ പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കേണ്ടതിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്നതോടൊപ്പം പുല്ലേപ്പടി-തമ്മനം, ചക്കരപ്പറമ്പ്-അറയ്ക്കേകടവ്, സീപോർട്ട്-എയർപോർട്ട് എന്നീ റോഡുകളുടെ

നിർമ്മാണവും ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ഇതിനായി പ്രത്യേക ഫണ്ട് അനുവദിക്കുന്നതാണ്.

**(4) ബിജുവിനെ തട്ടിക്കൊണ്ടുപോയത് സംബന്ധിച്ച്**

ശ്രീ. കെ. ദാസൻ: കൊയിലാണ്ടി, മൂടാടി പഞ്ചായത്തിലെ 11-ാം വാർഡിൽ താമസിച്ചിരുന്ന ബിജുവിനെ ഫിലിപ്പൈൻസ് തീവ്രവാദികളുടെ പിടിയിൽനിന്നും മോചിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബിജുവിനെ മോചിപ്പിക്കുന്നതിനു വേണ്ടി സാധ്യമായ എല്ലാ നടപടികളും ഇൻഡ്യൻ എംബസ്സി വഴിയും വിദേശകാര്യ മന്ത്രാലയം വഴിയും ചെയ്യുന്നതാണ്.

**(5) ഒരു രൂപയ്ക്ക് അരി പദ്ധതി**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സംസ്ഥാനത്തെ അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികളെക്കൂടി "ഒരു രൂപയ്ക്ക് അരി" പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): 25-5-2011-ലെ ഉത്തരവ് പ്രകാരമാണ് ബി.പി.എൽ. വിഭാഗങ്ങൾക്ക് ഒരു രൂപയ്ക്ക് അരി നൽകാനുള്ള തീരുമാനം എടുത്തത്. 3-6-2011-ലെ ഉത്തരവ് പ്രകാരം സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾക്കുള്ള അലോട്ട്മെന്റിൽ അനാഥാലയങ്ങളിലെ അന്തേവാസികൾക്കും ബി.പി.എൽ. നിരക്കിൽ ഭക്ഷ്യധാന്യം നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അഗതി മന്ദിരങ്ങളിലേയും വൃദ്ധസദനങ്ങളിലേയും അന്തേവാസികളെകൂടി പ്രസ്തുത

പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

**(6) <u>വായ്പാ സെക്യൂരിറ്റിയായി നൽകിയ റബ്ബർ കൃഷി ചെയ്ത ഭൂമി</u>**

<u>ശ്രീ. റ്റി.യു. കുരുവിള</u>: സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന് വായ്പാ സെക്യൂരിറ്റിയായി ചെറുകിട കർഷകർ നൽകിയ റബ്ബർ കൃഷി ചെയ്തിട്ടുള്ള ഭൂമി, കൃഷി ഭൂമിയായി പരിഗണിക്കുന്നതിന് കൃഷി വകുപ്പും നിയമവകുപ്പും നടപടികൾ സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.പി. മോഹനൻ</u>): റബ്ബർ കർഷകരെ ഗുരുതരമായി ബാധിക്കുന്ന ഒരു പ്രശ്നമാണിത്. നിലവിലുള്ള കേന്ദ്ര നിയമമായ 'സർഫേസി' ആക്ട് (The Securitisation and Reconstruction of Financial Assets and Enforcement of Security Interest Act, 2002) പ്രകാരം റബ്ബർ കൃഷി ചെയ്തിട്ടുള്ള ഭൂമി കൃഷിഭൂമിയായി പരിഗണിക്കാൻ പാടില്ലെന്നാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിലപാട്. റബ്ബർ കൃഷിയെ കൃഷിയായി അംഗീകരിക്കുകയും ഈ മേഖലയിൽ പണിയെടുക്കുന്നവരെ കർഷകരും കർഷകത്തൊഴിലാളികളുമായി അംഗീകരിക്കുകയും വേണമെന്ന അഭിപ്രായമാണ് സർക്കാരിനുള്ളത്. കർഷക താൽപര്യം മുൻനിറുത്തി നിയമവശം പരിശോധിച്ച് ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നതാണ്.

**(7) <u>കോഴിക്കോട് മെഡിക്കൽ കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ</u>**

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: കോഴിക്കോട് മെഡിക്കൽ കോളേജ് ക്യാമ്പസ്സിലെ ട്രീറ്റുമെന്റ് പ്ലാന്റ് പ്രവർത്തനസജ്ജമാക്കുന്നതിനും സൂപ്പർ സ്പെഷ്യാലിറ്റി

ബ്ലോക്കിലെ ഓപ്പറേഷൻ തിയറ്റർ കോംപ്ലക്സ് യാഥാർത്ഥ്യമാക്കുന്നതിനും ക്യാൻസർ ചികിത്സയ്ക്കുള്ള കോബാൾട്ട് യൂണിറ്റിന്റെ സോഴ്സ് മാറ്റാൻ തുക അനുവദിക്കുന്നതിനും ഗാമാ ക്യാമറയ്ക്ക് പർച്ചേസ് ഓർഡർ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും കോളേജ് ക്യാമ്പസ്സിൽ 11 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കോഴിക്കോട് മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എൻ.ആർ.എച്ച്.എം. മുഖേന ലഭിച്ച തുക ഉപയോഗിച്ച് മാതൃശിശു സംരക്ഷണ കേന്ദ്രത്തിന്റെ പഴയ കെട്ടിടം നവീകരിക്കുകയും പുതിയ ഗോൾഡൻ ജുബിലി ബ്ലോക്ക് നിർമ്മിക്കുകയും മലിനജല പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പുതുതായി പണികഴിപ്പിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ എം.ആർ.ഐ. സ്കാനിംഗ് സൗകര്യവും കാത്ത്ലാബ് സൗകര്യവും ലഭ്യമാണ്. ഫാർമസി കോളേജ് അഡീഷണൽ ബ്ലോക്കും സ്പോർട്ട്സ് മെഡിസിൻ ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടവും ഉദ്ഘാടനം ചെയ്തു. ഒഫ്താൽമോളജി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. മെഡിക്കൽ കോളേജ്, പ്രധാന ആശുപത്രി, നെഞ്ചുരോഗാശുപത്രി എന്നിവയുടെ നിലവിലുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് 280 ലക്ഷം രൂപയുടെ ഭരണാനുമതിയും ആൺകുട്ടികളുടെ ഹോസ്റ്റൽ പണിയുന്നതിന് 2.56 കോടി രൂപയുടെ അനുമതിയും നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പി.എം.എസ്.എസ്.വൈ. ഫേസ് - III-ൽ ഉൾപ്പെടുത്തി 150 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന കാര്യം പരിഗണന

യിലുണ്ട്. കൂടാതെ മൾട്ടി റിസർച്ച് യൂണിറ്റ്, ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ, മോഡുലർ ഓപ്പറേഷൻ തീയറ്റർ തുടങ്ങിയവ സ്ഥാപിക്കുന്ന കാര്യവും പാരാ മെഡിക്കൽ പഠനത്തിനുള്ള സഹായം, ഹോസ്റ്റൽ നിർമ്മാണം തുടങ്ങിയ പദ്ധതികളും സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(8) താലൂക്ക്/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുകയും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തുകയും കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുകയും പേവാർഡുകളും മോർച്ചറിയും ഉപയോഗക്ഷമമാക്കുകയും കൊടുവള്ളി, നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഗൈനക്കോളജിസ്റ്റുമാർ ഉൾപ്പെടെയുള്ള ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ മെഡിസിൻ, ഗൈനക്കോളജി, ഡെന്റൽ, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റികൾ പ്രവർത്തിച്ചുവരുന്നു. ഓപ്പറേഷൻ തിയേറ്റർ ബ്ലോക്കിന്റെ പ്രവർത്തനങ്ങൾ എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച് ഒരു മാസത്തിനുള്ളിൽ പ്രവർത്തന സജ്ജമാക്കുന്നതാണ്. എക്സ്റേ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ലാപ്രോസ്കോപ്പി, ലാബ് സൗകര്യങ്ങൾ, ബയോ കെമിക്കൽ പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ എന്നിവ ലഭ്യമാണ്. നരിക്കുനി പി.എച്ച്.സി.-യിൽ എക്സ്റേ സൗകര്യങ്ങളും ഗൈനക്കോളജി ഒ.പി.യും താമസംകൂടാതെ പ്രവർത്തനസജ്ജമാക്കുന്നതാണ്. അവിടെ ഒരു ലാബ് ടെക്നീഷ്യനേയും ഗൈനക്കോളജിസ്റ്റിനേയും നിയമിക്കുന്നതിന്

ഉത്തരവായിട്ടുണ്ട്. കൊടുവള്ളി സി.എച്ച്.സി.-യിൽ ഓപ്പറേഷൻ തിയേറ്റർ ബ്ലോക്കിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായി. പഴയ കെട്ടിടങ്ങൾ നവീകരിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് എട്ട് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പി.ഡബ്ലിയു.ഡി. ഫണ്ട് ഉപയോഗിച്ച് ക്വാർട്ടേഴ്സിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

## (9) പന്തളത്തിന്റെ വികസനം

ശ്രീ. ചിറ്റയം ഗോപകുമാർ: ശബരിമല മാസ്റ്റർ പ്ലാനിൽ പന്തളത്തെ ഉൾപ്പെടുത്തി പന്തളത്തിന്റെ സമഗ്ര വികസനത്തിന് പദ്ധതികൾ നടപ്പിലാക്കണം.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ശബരിമലയുമായി ബന്ധപ്പെട്ട് പന്തളം രാജകൊട്ടാരത്തിനും വലിയ കോയിക്കൽ ശ്രീധർമ്മ ശാസ്താ ക്ഷേത്രത്തിനുമുള്ള പ്രാധാന്യം കണക്കിലെടുത്ത്, മണ്ഡലം, മകരവിളക്ക് കാലയളവിൽ എത്തിച്ചേരുന്ന തീർത്ഥാടകർക്കായി മുപ്പതോളം ലാട്രിനുകളും രണ്ട് ബാത്ത് റൂമുകളും കുടിവെള്ളത്തിനായി 9000 ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്കും മറ്റാവശ്യങ്ങൾക്കായി 16000 ലിറ്റർ ശേഷിയുള്ള വാട്ടർ ടാങ്കും താൽക്കാലിക ഇൻഫർമേഷൻ സെന്ററും സജ്ജമാക്കിയിട്ടുണ്ട്. വാഹന പാർക്കിംഗിനും, കക്കൂസ്, കുളിമുറി എന്നിവ നിർമ്മിക്കുന്നതിനും അയ്യപ്പ ഭക്തൻമാർക്ക് വിശ്രമത്തിന് താൽക്കാലിക ഷെഡ് നിർമ്മിക്കുന്നതിനും അമ്പലത്തിന്റെ വികസനത്തിനുംവേണ്ടി സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വരുന്ന ശബരിമല സീസണുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് 2011 ആഗസ്റ്റ് 30-ന് പന്തളത്തുവച്ച് യോഗം ചേരുന്നതാണ്.

## (10) ലോ ഫ്ളോർ ബസ്സുകളുടെ സർവ്വീസ്

ശ്രീ. എ.എം. ആരിഫ്: എറണാകുളത്തുനിന്ന് ആരംഭിച്ച് അരൂരിൽ അവസാനിക്കുന്ന ലോ ഫ്ളോർ ബസ്സർവ്വീസ് ചേർത്തലവരെ ദീർഘിപ്പിക്കാനും അത് സാധ്യമാവുന്നില്ലെങ്കിൽ തുറവൂർവരെയെങ്കിലും ദീർഘിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): JNNURM പദ്ധതി പ്രകാരം തിരുവനന്തപുരം, എറണാകുളം സിറ്റികളിൽ സർവ്വീസ് നടത്തുന്നതിനായി അനുവദിച്ചിട്ടുള്ള ലോ ഫ്ളോർ ബസ്സുകൾ ജില്ലയ്ക്കുള്ളിലെ മറ്റ് പ്രധാനപ്പെട്ട പട്ടണങ്ങളെക്കൂടി ഉൾപ്പെടുത്തി വ്യാപിപ്പിക്കാൻ തീരുമാനിച്ചിരുന്നു. എറണാകുളം ജില്ലയുടെ തെക്കേ അതിർത്തിയായ കുമ്പളം പാലത്തിൽ ബസ്സുകൾ വന്ന് തിരിച്ചുപോകുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടായതിനാലാണ് പ്രസ്തുത ബസ്സുകൾ ആലപ്പുഴ ജില്ലയിലെ അരൂരിൽ ട്രിപ്പ് അവസാനിപ്പിച്ച് തിരികെ പോകുന്നത്. അരൂരിൽനിന്ന് 24 കിലോമീറ്റർ ദൂരെയുള്ള ചേർത്തലയിലേക്ക് ലോ ഫ്ളോർ ബസ് ഓടിക്കാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. എന്നിരുന്നാലും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി സർവ്വീസ് ദീർഘിപ്പിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്**

സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി സംബന്ധിച്ച ധവളപത്രം ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

2011-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണകാര്യം**

**2011-ലെ കേരള ധനകാര്യ ബിൽ**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2011-ലെ കേരള ധനകാര്യ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

**ധനകാര്യം**

**വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): "ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ഓൺ അക്കൗണ്ട് ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2011-2012 സാമ്പത്തിക വർഷത്തിലെ ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലേക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനു വേണ്ടിയോ ചെലവ് ചെയ്യുന്നതിലേക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു."

ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

സർവ്വശ്രീ വി.എസ്. സുനിൽ കുമാർ, സി. ദിവാകരൻ, ഇ.ചന്ദ്രശേഖരൻ, മുല്ലക്കര രത്നാകരൻ, എ.എ. അസീസ്, വി. ശശി, ജി.എസ്. ജയലാൽ, ഇ.കെ. വിജയൻ, ചിറ്റയം ഗോപകുമാർ, കെ. രാജു, ബി. സത്യൻ എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

(ചർച്ച)

ശ്രീ. രാജു എബ്രഹാം: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. പ്രതിപക്ഷ എം.എൽ.എ.മാരുടെ മണ്ഡലങ്ങളിലെ വികസനപ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല. പ്രവാസികളെ പൂർണ്ണമായും അവഗണിച്ചു. ശബരിമലയുടെ വികസനത്തിന് നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമാണ്. റബ്ബർ ഇറക്കുമതിക്ക് കേന്ദ്രഗവൺമെന്റ് അനുവാദം നൽകിയിരിക്കുന്നത് കേരളത്തെ പ്രതികൂലമായി ബാധിക്കും. യു.ജി.സി. നിബന്ധന പാലിക്കാതെ കാലിക്കറ്റ് സർവ്വകലാശാലാ വൈസ്ചാൻസലറെ നിയമിക്കാൻ ഈ ഗവൺമെന്റ് എടുത്ത തീരുമാനം അപഹാസ്യമാണ്. എസ്.സി./എസ്.ടി., ആദിവാസി വിദ്യാർത്ഥികൾക്കായുള്ള ഏക വിദ്യാലയം ഈ അദ്ധ്യയനവർഷം തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടിയുണ്ടാകണം. ക്വട്ടേഷൻ സംഘങ്ങളെയും പെൺവാണിഭ സംഘങ്ങളെയും അമർച്ച ചെയ്യാൻ നടപടി സ്വീകരിക്കണം. ജനാധിപത്യവിരുദ്ധമായ ഭരണനടപടികൾ സർക്കാർ അവസാനിപ്പിക്കണം.

ശ്രീ. എം.എ. വാഹീദ്: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ഭാവനാസമ്പന്നവും യാഥാർത്ഥ്യബോധമുള്ളതും കേരളത്തിന്റെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്താൻ ഉതകുന്നതുമായ ബഡ്ജറ്റാണിത്. പ്രതിബന്ധങ്ങളെ നേരിട്ടും ഭീമമായ സാമ്പത്തിക ബാദ്ധ്യത തരണം ചെയ്തും മാത്രമേ

സർക്കാരിന് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗം പുന:സ്ഥാപിക്കണം. തൊഴിലുറപ്പ് പദ്ധതി പഞ്ചായത്ത് പ്ലാൻ ഫണ്ടുമായി ബന്ധപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണം. ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതോടൊപ്പം അവർക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. ട്രഷറിയുമായി ബന്ധപ്പെടുത്തി പലിശരഹിത ബാങ്കിംഗ് സർവ്വീസ് ആരംഭിക്കണം.

ശ്രീ. കെ. രാജു: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. പാവപ്പെട്ട കർഷകത്തൊഴിലാളികളേയും പാർപ്പിടമില്ലാത്തവരേയും അവഗണിച്ച ബഡ്ജറ്റാണിവിടെ അവതരിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആവിഷ്ക്കരിച്ച ഭവനപദ്ധതികളും ഒഴിവാക്കിയിരിക്കുകയാണ്. പദ്ധതിവിഹിതത്തിന്റെ 25 ശതമാനം തുക മൂന്നുമാസത്തേക്ക് ഡിമാന്റ് ചെയ്തിരിക്കുന്നത് കാലാവധിക്കുള്ളിൽ ചെലവഴിക്കാൻ സാധിക്കുമോ എന്നത് വ്യക്തമാക്കണം. തീരദേശമേഖലയിൽ മുൻകാലത്തെ വൻകിട വർക്കുകൾക്ക് 52 കോടി രൂപ കുടിശ്ശിക കൊടുക്കാനിരിക്കെ 68 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ടെന്ന് പറയുന്നതിൽ അർത്ഥമില്ല. തീരദേശ വികസന കോർപ്പറേഷനും തീരദേശവികസന അതോറിറ്റിയും നിലനിറുത്തുമോ എന്ന് വ്യക്തമാക്കണം. എല്ലാത്തിനും വികസന അതോറിറ്റി എന്ന നിർദ്ദേശം പുന:പരിശോധിക്കണം. കഴിഞ്ഞ അഞ്ചുവർഷക്കാലം മാതൃകാപരമായി ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞുവെന്നത് ശ്ലാഘനീയമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി

യോജിച്ച് തൊഴിലുറപ്പ് പദ്ധതിയിലൂടെ പരമാവധി ഫണ്ട് കേരളത്തിൽ ചെലവഴിക്കാൻ ശ്രമിക്കണം. ഈ പദ്ധതിക്കുവേണ്ട പരിശീലനവും പ്രചോദനവും നൽകാനുള്ള നിർദ്ദേശംകൂടി ബഡ്ജറ്റിൽ ഉൾപ്പെടുത്തണം.

ശ്രീ. കെ. എം. ഷാജി: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ നിലവിലുള്ള സാമ്പത്തികാവസ്ഥ കൃത്യമായി പഠിച്ച് അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റാണിത്. 2005-06-നെ അപേക്ഷിച്ച് 2010-11 ആയപ്പോൾ സംസ്ഥാനത്തെ പൊതുക്കടം 93 ശതമാനവും ആഭ്യന്തരകടം 11 ശതമാനവും വർദ്ധിച്ചു. കേരളത്തിന്റെ കടബാദ്ധ്യതയും റവന്യൂ വരുമാനവും തമ്മിലുള്ള അനുപാതം അഖിലേന്ത്യാ ശരാശരിയേക്കാൾ കൂടുതലാണ്. ആഭ്യന്തര വിഭവ സമാഹരണ രംഗത്ത് വമ്പിച്ച പരാജയമാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായത്. മദ്യത്തിന്റെ അമിത ഉപയോഗംമൂലമാണ് കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ബിവറേജസ് കോർപ്പറേഷൻ വഴി കൂടുതൽ വരുമാനമുണ്ടാക്കുവാൻ സാധിച്ചത്. സി.ആന്റ് എ.ജി. റിപ്പോർട്ട് പ്രകാരം കേരളത്തിൽ ആഭ്യന്തര വരുമാനത്തിന്റെ ശരാശരി മൂലധനച്ചെലവ് 0.8 ശതമാനമാണ്. വളർച്ച ത്വരിതപ്പെടുത്തുന്നതിന് ആസ്തികൾ സൃഷ്ടിക്കുന്നതിനായി സാമ്പത്തിക മൂലധന മേഖലകളിലെ ചെലവിന്റെ അനുപാതം വർദ്ധിപ്പിക്കണം. സ്വകാര്യ ഹോട്ടൽ മാനേജുമെൻറുകളെ നിയന്ത്രിക്കാനും നികുതി പിരിച്ചെടുക്കാനും കഴിയണം. മലയാളം യൂണിവേഴ്സിറ്റി സ്ഥാപിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെച്ചപ്പെട്ട പഠനനിലവാരം ഉറപ്പാക്കണം. കരിക്കുലത്തിൽ മാറ്റം വരുത്തി പ്രൈമറി വിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം മെച്ചപ്പെടുത്തണം.

<u>ശ്രീ. തോമസ് ചാണ്ടി</u> : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിലെ അനിശ്ചിതാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാനും എം.എൽ.എ. ഫണ്ട് രണ്ട് കോടി രൂപയായി വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനുതകുന്ന വിധത്തിലുള്ള നടപടികൾ സ്വീകരിക്കണം. തോട്ടവിളകളിൽ വ്യാവസായികാടിസ്ഥാനത്തിൽ പഴം-പച്ചക്കറി കൃഷി നടത്തുന്നതിന് പദ്ധതി ആവിഷ്ക്കരിക്കണം. പി.ഡബ്ല്യു.ഡി. റോഡുകൾക്ക് അനുവദിച്ച തുകയിലെ ഒരു ഭാഗം പി.എം.ജി.എസ്.വൈ.യിൽ ചെലവഴിക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് പാറശ്ശാല മുതൽ കാസർഗോഡ് വരെ ഒരു പാരലൽ ഹൈവേ നിർമ്മിക്കാൻ മുൻകയ്യെടുക്കണം.

<u>ശ്രീ. പി.സി. ജോർജ്</u> : വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാത്ത ഒരു ഗവൺമെന്റായിരുന്നു കഴിഞ്ഞ 5 വർഷക്കാലം കേരളം ഭരിച്ചിരുന്നതെങ്കിൽ ഇന്ന് ജനങ്ങളോടൊപ്പംനിന്ന് 24 മണിക്കൂറും പ്രവർത്തിക്കുന്ന സർക്കാരാണുള്ളത്. സ്വാശ്രയ മേഖലയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളെ തെരുവിലിറക്കി ഗവൺമെന്റിനെതിരെ സമരം നടത്തുന്ന സമീപനം തികച്ചും പരിഹാസ്യമാണ്. സാമൂഹ്യനീതി ഉറപ്പാക്കിക്കൊണ്ടുള്ള വിദ്യാഭ്യാസ സംവിധാനം നടപ്പാക്കാനാണ് ഈ ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പെൺവാണിഭക്കേസുകളിൽ ഉൾപ്പെട്ട പ്രതികളെ കയ്യാമം വയ്ക്കുമെന്ന് പ്രഖ്യാപിച്ച എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അവർക്കെതിരെ ഒരു നടപടിയും സ്വീകരിക്കാൻ തയ്യാറായിട്ടില്ലെന്നത് അപഹാസ്യമാണ്. പ്രതിപക്ഷം ക്രിയാത്മകമായി പ്രവർത്തിക്കാൻ തയ്യാറാകണം. നീതിബോധത്തോടെ പ്രവർത്തനം നടത്തി മുന്നോട്ടു പോകുന്ന ഈ ഗവൺമെന്റിനെ നഖശിഖാന്തം എതിർക്കുന്ന നടപടികളെ

സമൂഹം അംഗീകരിക്കില്ല. കേരളത്തിലെ 14 ജില്ലകൾക്കുംവേണ്ടി സന്തുലിത മായ പ്രഖ്യാപനങ്ങളും ആനുകൂല്യങ്ങളും ഉൾക്കൊള്ളിച്ചിട്ടുള്ള ബഡ്ജറ്റാണിത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. പ്രാദേശിക അസന്തുലിതാവസ്ഥ ദൃശ്യ മാകുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച പല പദ്ധതികളും വെട്ടിക്കുറച്ച് തലസ്ഥാന വികസനത്തിനായി കേവലം 260 കോടി രൂപ മാത്രമേ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ വെന്നത് ഖേദകരമാണ്. നബാർഡിൽനിന്നും സഹായധനം ലഭിക്കാതി രുന്നിട്ടും നെൽകൃഷിക്ക് പലിശരഹിത വായ്പയും സഹകരണ സംഘങ്ങൾക്ക് ഏഴ് ശതമാനം പലിശയ്ക്ക് 2,000 കോടി രൂപയും നൽകാൻ എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചു. സഹകരണ മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വാമന പുരം നിയോജകമണ്ഡലത്തിലെ ടി.എസ്. റോഡിൽ പാലം പണിയുന്ന തുൾപ്പെടെയുള്ള വികസനപ്രവർത്തനങ്ങൾക്കുള്ള തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. ദാസൻ: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ റോഡ് നിർമ്മാണപ്രവർത്തനങ്ങൾ ഈ ബഡ്ജറ്റിൽ ഒഴിവാക്കിയത് ഖേദകരമാണ്. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തെ പിന്നോക്കം നയിക്കുന്ന ഈ ബഡ്ജറ്റ് ജനങ്ങൾക്കിടയിൽ അസംതൃപ്തിയും നിരാശയും സൃഷ്ടിച്ചിരിക്കുകയാണ്. കൃഷി, ആരോഗ്യം, ഊർജ്ജം, പശ്ചാത്തലസൗകര്യം, ഐ.ടി. തുടങ്ങിയ മേഖല കളെയും പരമ്പരാഗത മേഖലകളെയും ഈ സർക്കാർ അവഗണി

ച്ചിരിക്കുകയാണ്. മൽസ്യത്തൊഴിലാളി സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം കൃത്യമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം. സാമൂഹ്യക്ഷേമരംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങളെ ഇല്ലാതാക്കുന്ന സമീപനമാണ് പുതുക്കിയ ബഡ്ജറ്റിൽ സ്വീകരിച്ചിട്ടുള്ളത്. ഇ.എം.എസ്. ഭവന പദ്ധതി, നവജാത ശിശുക്കൾക്കുള്ള കരുതൽ നിക്ഷേപം എന്നിവയ്ക്ക് തുക വകയിരുത്തിയിട്ടില്ല. അംഗനവാടി ജീവനക്കാർ, ആശാ വർക്കേഴ്സ് എന്നിവരെ ബഡ്ജറ്റിൽ അവഗണിച്ചിരിക്കുകയാണ്. അസംഘടിത മേഖല യിലെ സ്ത്രീ തൊഴിലാളികൾക്ക് വേതനത്തോടുകൂടിയ പ്രസാവാവധി നൽകുന്നതിനെയും തൊഴിലുറപ്പ് പദ്ധതി നഗരങ്ങളിലേക്ക് വ്യാപിപ്പിക്കു ന്നതിനെയും സംബന്ധിച്ചും മദ്രസാ അദ്ധ്യാപകരെക്കുറിച്ചും ബഡ്ജറ്റിൽ പരാമർശിക്കാത്തത് ഖേദകരമാണ്. പരമ്പരാഗത മേഖലയിൽ തൊഴിലവ സരങ്ങൾ സൃഷ്ടിക്കുന്നതിനും ന്യൂനപക്ഷങ്ങളുടെയും പ്രവാസികളുടെയും ക്ഷേമപ്രവർത്തനങ്ങൾക്കും ആവശ്യമായ തുക വകയിരുത്തണം. മലബാർ, കോഴിക്കോട് പാക്കേജുകളെക്കുറിച്ച് ബഡ്ജറ്റിൽ പരാമർശിക്കാത്തത് പ്രതിഷേധാർഹമാണ്. തദ്ദേശഭരണസ്ഥാപനങ്ങളെയും കുടുംബശ്രീ സംവി ധാനത്തെയും അവഗണിച്ച് അധികാര വികേന്ദ്രീകരണം ദുർബ്ബലപ്പെടുത്തുന്ന സമീപനം അവസാനിപ്പിക്കണം. കേരളത്തെ ഒന്നായിക്കാണാൻ തയ്യാറാകണം.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കേരളത്തിലെ പാവപ്പെട്ടവരുടെയും പട്ടികജാതി-പട്ടിക വർഗ്ഗക്കാരുടേയും കർഷകരുടേയും ക്ഷേമത്തിനും വ്യവസായ-ആരോഗ്യ-ടൂറിസം മേഖലകളുടെ സംരക്ഷണത്തിനും തൊഴില വസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകരമായ ഒരു ബഡ്ജറ്റാണ്

ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സ്മാർട്ട് സിറ്റി പദ്ധതിയുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും റിംഗ് റോഡുകളും ബൈപ്പാസുകളും നിർമ്മിച്ച് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പര്യാപ്തമായ ഒരു ബഡ്ജറ്റാണിത്. വയനാട് ജില്ലയിൽ ശ്രീചിത്രാ മെഡിക്കൽ സെന്റർ സ്ഥാപിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ സ്വാഗ താർഹമാണ്. വയനാട് ജില്ലയിലെ കാപ്പി, കുരുമുളക്, റബ്ബർ കർഷക രുടെയും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെയും കാർഷിക കടങ്ങൾ എഴുതി ത്തള്ളുന്നതിന് ബഡ്ജറ്റിൽ തുക നീക്കിവച്ച ഗവൺമെന്റിന്റെ നടപടിയെ അഭിനന്ദിക്കുന്നു. പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കാർഷിക മേഖലയുടെ പുരോഗതിക്കും വയനാട് ജില്ലയിൽ പ്രത്യേക പാക്കേജ് കൊണ്ടുവരണം. വയനാട്ടിലെ പട്ടികവർഗ്ഗക്കാർക്കും അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്കും തൊഴിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. വയനാട് ജില്ലയിലെ പ്രീമെട്രിക് ഹോസ്റ്റലുകളുടെയും റസിഡൻഷ്യൽ സ്ക്കൂളുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കോർപ്പസ് ഫണ്ട് ലഭിക്കാത്തത് വയനാട് ജില്ലയ്ക്ക് മാത്രമാണ്. വയനാട്ടിലെ അവിവാഹിതരായ അമ്മമാർക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിച്ച ഗവൺമെന്റിനെ പ്രത്യേകം അഭിനന്ദിക്കുന്നു. വയനാട് ജില്ലയിലെ വന്യമൃഗശല്യം ഇല്ലാതാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം വീട് പൂർത്തി യാക്കാൻ സാധിക്കാത്തവർക്ക് നിയമത്തിൽ ഭേദഗതി വരുത്തി ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ഗ്രാമീണ റോഡ് നിർമ്മാണത്തിനായി

പ്ലാൻ ഫണ്ടിൽനിന്നും വയനാട് ജില്ലയിലെ റോഡുകളുടെ പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീമതി പി. അയിഷാ പോറ്റി: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ദീർഘകാലമായി വികസന മുരടിപ്പ് അനുഭവിച്ചിരുന്ന കൊട്ടാരക്കര മണ്ഡലത്തെ ഓരോ വർഷത്തേയും ബഡ്ജറ്റിലൂടെ രക്ഷപ്പെടുത്താൻ എൽ.ഡി.എഫ് സർക്കാർ ശ്രമിച്ചിരുന്നതിൽനിന്നും പൂർണ്ണമായും പിന്നോട്ട് പോകുന്ന അവസ്ഥയാണ് ഇപ്പോഴുണ്ടായിട്ടുള്ളത്. യാതൊരു വികസന കാഴ്ച്ചപ്പാടും ദീർഘവീക്ഷണവുമില്ലാത്ത ബഡ്ജറ്റാണിത്. കഴിഞ്ഞ 5 വർഷത്തിൽ ഒരു ദിവസംപോലും ട്രഷറി ബാനുണ്ടായിട്ടില്ല. രണ്ട് തവണ ശമ്പള പരിഷ്ക്കരണം നടപ്പാക്കുകയും ക്ഷേമ പെൻഷനുകൾ പല മടങ്ങ് വർദ്ധിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്ന നവജാത ശിശുക്കൾക്കുള്ള 10,000 രൂപയുടെ നിക്ഷേപ പദ്ധതി ഈ ബഡ്ജറ്റിൽ ഒഴിവാക്കിയിരിക്കുകയാണ്. കുടുംബശ്രീ പദ്ധതിയുടെ പ്രവർത്തനം മന്ദീഭവിപ്പിച്ചുകൊണ്ട് ജനശ്രീ പദ്ധതിക്ക് സഹായം നൽകുമെന്ന പ്രഖ്യാപനം നീതീകരിക്കാവുന്നതല്ല. പ്രാദേശിക സന്തുലനമില്ലാത്ത ഒരു ബ്ഡജറ്റാണിത്. പൊതുമേഖലയെ ലാഭത്തിലാക്കുകയും പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്നതിന് നൂതന പദ്ധതികൾ എൽ.ഡി.എഫ്. ഗവൺമെന്റ് ആവിഷ്ക്കരിച്ചിരുന്നു. യു.ഡി.എഫ്. സർക്കാർ ലാഘവബുദ്ധിയോടുകൂടിയാണ് ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഭൂപരിഷ്ക്കരണ നിയമത്തിൽ ഭേദഗതി വരുത്താനുള്ള സർക്കാരിന്റെ നീക്കം ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കും. കേന്ദ്ര ഗവൺമെന്റ് പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധിപ്പിച്ചുകൊണ്ട് ജനങ്ങളുടെമേൽ അധിക ഭാരം അടിച്ചേൽപ്പിക്കുമ്പോൾ കുത്തകകളേയും

തോട്ടം ഉടമകളേയും സഹായിക്കുന്ന നിലപാടാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നത്.

<u>ശ്രീ. പി.കെ. ബഷീർ</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കേരളത്തിലെ എല്ലാ പ്രദേശങ്ങൾക്കും മുൻതൂക്കം നൽകുന്ന ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. റേഷൻ കാർഡ് കാലതാമസമില്ലാതെ ലഭ്യമാക്കുന്നതും വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിനുള്ള വ്യവസ്ഥ ലഘൂകരിച്ചതും അഭിനന്ദനാർഹമാണ്. സ്വാശ്രയ കോളേജുകളിലെ 50 ശതമാനം ഗവൺമെന്റ് സീറ്റിൽ മെരിറ്റ് ഫീസിൽ പഠിക്കാനനുവദിച്ചിരുന്ന കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. മുഖ്യമന്ത്രിയുടെ ഓഫീസ് ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിപ്പിച്ച് ലോകത്തിനുതന്നെ മാതൃകയായിരിക്കുകയാണ്. സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ നടക്കണമെങ്കിൽ എല്ലാവരുടേയും സഹായ സഹകരണമുണ്ടാകണം.

<u>ശ്രീ. എം. ഹംസ</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കേരളത്തിന്റെ വികസനത്തിനും ക്ഷേമത്തിനും ആവശ്യമായ പദ്ധതികൾ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ലോകത്താകെയുണ്ടായ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ ജനങ്ങൾക്ക് ആശ്വാസം നൽകാൻ ഇടതുജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞു. വികസനപ്രവർത്തനങ്ങൾ നിഷേധിക്കുന്ന സമീപനമാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. രണ്ടുരൂപയുടെ അരി അർഹതപ്പെട്ട എല്ലാവർക്കും ലഭ്യമാക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞു. നവജാത ശിശുക്കൾക്കായി നടപ്പാക്കാനുദ്ദേശിച്ച പതിനായിരം രൂപയുടെ നിക്ഷേപ പദ്ധതി ഒഴിവാക്കിയതും പി.ഡബ്ല്യൂ.ഡി.ക്ക് ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 700 കോടി രൂപ 200 കോടി രൂപയായി

വെട്ടിച്ചുരുക്കിയതും പ്രതിഷേധാർഹമാണ്. പത്രമാധ്യമ പ്രവർത്തകർക്കു നേരെയുള്ള ആക്രമണം അപലപനീയമാണ്. പാലക്കാട് ജില്ലയ്ക്ക് അർഹമായ പരിഗണന നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എ. പ്രദീപ് കുമാർ: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ജനവിരുദ്ധവും വികസന വിരുദ്ധവുമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കാൻ ശ്രമിച്ച കോഴിക്കോട് പാക്കേജ്, റോഡ് വികസന പദ്ധതികൾ തുടങ്ങിയ പല പദ്ധതികളും യു.ഡി.എഫ്. ഗവൺമെന്റ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരുപോലെ എം.എൽ.എ. ഫണ്ട് അനുവദിക്കാൻ സർക്കാർ തയ്യാറാകണം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അമ്പായത്തോട് മിച്ചഭൂമി നിവാസികളെ ദ്രുത കർമ്മസേനയെ ഉപയോഗിച്ച് കുടിയൊഴിപ്പിക്കാനാണ് ശ്രമിച്ചതെങ്കിൽ എൽ.ഡി.എഫ്. സർക്കാർ മുഴുവൻപേർക്കും പട്ടയം നൽകുകയുണ്ടായി. പോലീസ് അതിക്രമം അവസാനിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം.

ശ്രീ. ടി. എൻ. പ്രതാപൻ: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന ദിശാബോധമുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കേന്ദ്ര അനുകൂല സാഹചര്യം പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടും 13-ാം ധനകാര്യ കമ്മീഷന്റെ മാനദണ്ഡങ്ങൾ അംഗീകരിച്ചുകൊണ്ടും വിഭവ സമാഹരണത്തിലും വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടും സംസ്ഥാനത്തെ മുന്നോട്ട് നയിക്കാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്. റവന്യൂ

കമ്മിയും ധനക്കമ്മിയും കുറച്ചുകൊണ്ടുവരാനുള്ള ശ്രമവും ബഡ്ജറ്റിലുണ്ട്. വിഭവ ദാരിദ്ര്യമല്ല ഭരണക്ഷമത ഇല്ലാത്തതാണ് പദ്ധതികൾ വെട്ടിച്ചുരുക്കുന്നതിനും പണം ചെലവ് ചെയ്യാത്തതിനും കാരണം. ഉദ്യോഗസ്ഥ രംഗത്തെ കെടുകാര്യസ്ഥത അവസാനിപ്പിച്ചും ഭരണ സംവിധാനം ശക്തിപ്പെടുത്തിയുമാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. പഞ്ചായത്തീരാജ് സംവിധാനത്തിൽ ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന പദ്ധതികൾ ഏറ്റവും അവസാന കാലത്ത് നൽകുന്നതുമൂലം പൊതുഖജനാവിൽ നിന്നും പണം ചോർന്നുപോകുന്നത് തടയാൻ നടപടി സ്വീകരിക്കണം. പഞ്ചായത്തുകളിൽ വിവിധ തസ്തികകളിലെ ഉദ്യോഗസ്ഥരുടെ അപര്യാപ്തത പരിഹരിക്കണം. വിവിധ വകുപ്പുകളിൽ നിന്നും പുനർവിന്യസിക്കപ്പെട്ടിട്ടുള്ള എഞ്ചിനീയർമാർ ചുമതലയേൽക്കാത്തതിന് നടപടി സ്വീകരിക്കണം. ടൂറിസത്തിന്റെ മറവിൽ പുതിയ ബാറുകൾ അനുവദിക്കുന്നതിൽ കർശന നിയന്ത്രണം ആവശ്യമാണ്. സർക്കാർ ഉടമസ്ഥതയിൽ പുതിയ മദ്യഷാപ്പുകൾ അനുവദിക്കാൻ പാടില്ല. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അതാത് സ്ഥലങ്ങളിൽ മദ്യഷാപ്പുകൾ അനുവദിക്കുന്നതിനുള്ള അധികാരം പുന:സ്ഥാപിക്കണം. തീരദേശ വികസന കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ പുരോഗതിയെ തകർക്കുന്ന ബഡ്ജറ്റാണിത്. ഈ ബഡ്ജറ്റിൽ തൃശ്ശൂർ ജില്ലയിലെ നെൽക്കൃഷിമേഖലയെ അവഗണിച്ചിരിക്കുകയാണ്. തൃശ്ശൂർ പട്ടണത്തിന്റെയും മെഡിക്കൽ സർവ്വകലാശാലയുടെയും വികസനത്തിനാവശ്യമായ ഫണ്ടും മുസിരിസ് പൈതൃക പ്രോജക്ടിനുള്ള തുകയും ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. അയ്യങ്കാളി തൊഴിലുറപ്പ്

പദ്ധതി സംബന്ധിച്ചും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ചും ഈ ബഡ്ജറ്റിൽ പരാമർശിച്ചിട്ടില്ല. കേരളത്തിന്റെ സമഗ്ര വികസനത്തെ തകർത്ത, തൃശ്ശൂർ ജില്ലയെ പൂർണ്ണമായി അവഗണിച്ച ഒരു ബഡ്ജറ്റാണിത്. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി, സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി തുടങ്ങി നിരവധി പദ്ധതികളെ ഈ ബഡ്ജറ്റിൽ അവഗണിച്ചരിക്കുകയാണ്. വിദ്യാർത്ഥി-യുവജന സമരങ്ങളെ അടിച്ചമർത്തുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരോ നിയോജകമണ്ഡലത്തിലും നടത്താൻ കഴിയുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമായി പറയാനുള്ള ആർജ്ജവം ധനകാര്യ വകുപ്പുമന്ത്രി കാണിക്കണം.

<u>ശ്രീ. കെ.എൻ.എ. ഖാദർ</u> : വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സൗകര്യങ്ങളും വിഭവങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ജനങ്ങളുടെ താല്പര്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തെ മുന്നോട്ടു നയിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റിൽ ശ്രദ്ധ ചെലുത്തണം. ഇസ്ലാമിക് ബാങ്കിംഗ് രീതി ഉപയോഗപ്പെടുത്തി വിഭവ സമാഹരണം നടത്താനും പ്രവാസികൾക്കുവേണ്ടി ഒരു ബാങ്ക് ആരംഭിക്കാനും നടപടി സ്വീകരിക്കണം. റോഡ് വികസന പ്രവർത്തനങ്ങൾ നടത്തണം. സംസ്ഥാനത്ത് ആഭ്യന്തര വിമാന സർവ്വീസ് തുടങ്ങണം. കേരള റെയിൽ കോർപ്പറേഷൻ രൂപീകരിക്കാൻ നടപടി സ്വീകരിക്കണം. മനുഷ്യ വിഭവശേഷിയുടെ കഴിവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാനും വിദേശമൂലധനം ആകർഷിക്കാനും കഴിയണം. കേരളത്തെ ലോകോത്തര

നിലവാരത്തിലേക്ക് ഉയർത്താനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ചും ഗൗരവമായി ആലോചിക്കണം.

ശ്രീ. സി. ദിവാകരൻ : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ധവളപത്രത്തിന്റെ സന്ദേശം തന്നെയാണ് ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിലും ഉൾക്കൊള്ളിച്ചിരിക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിന്റെ അടിത്തറ സ്വീകരിച്ചിരിക്കുന്നുവെന്ന പ്രഖ്യാപനം ശ്രദ്ധേയമാണ്. ഈ ബഡ്ജറ്റിലെ 615.75 കോടി രൂപയുടെ പുതിയ നികുതി നിർദ്ദേശങ്ങളിൽ 300 കോടിയിലധികം രൂപ ബിവറേജസ് കോർപ്പറേഷനെ ആശ്രിയിച്ചുള്ളതാണ്. യു.ഡി.എഫ്.ന്റെ പ്രകടന പത്രികയിൽ പ്രസ്താവിച്ചതുപോലെ ബി.പി.എൽ.വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു രൂപയ്ക്കും എ.പി.എൽ. വിഭാഗക്കാർക്ക് രണ്ട് രൂപയ്ക്കും അരി നൽകുമെന്ന വാഗ്ദാനം നടപ്പിലാക്കുന്നതിൽ യാതൊരു വ്യക്തതയുമില്ല. ഉച്ചഭക്ഷണ പരിപാടി 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്കുകൂടി നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയിരുന്ന സ്കൂൾ കുട്ടികൾക്ക് പോഷകാഹാരം നൽകുന്ന പദ്ധതി ഉപേക്ഷിച്ചത് പ്രതിഷേധാർഹമാണ്. മൊബിലിറ്റി ഹബുകൾ എല്ലാ ജില്ലകളിലും ആരംഭിക്കാൻ നടപടി സ്വീകരിക്കണം. തോട്ടവിള ഭൂമിയുടെ നിശ്ചിത ശതമാനം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള വ്യവസ്ഥ നടപ്പിലാക്കുമെന്ന പ്രഖ്യാപനം മിച്ചഭൂമി അന്യാധീനപ്പെടാൻ ഇടയാക്കും. കഴിഞ്ഞ സർക്കാർ വിലക്കയറ്റം പിടിച്ചുനിറുത്താനായി പതിമൂന്നിന നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകളിലൂടെ വില കുറച്ച് നൽകിവന്ന പദ്ധതിയും മണ്ണെണ്ണയുടെ വിഹിതം കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചപ്പോൾ സബ്സിഡി നൽകിക്കൊണ്ട് മണ്ണെണ്ണ വിതരണം ചെയ്തതും ഈ സർക്കാർ

തുടരണം. സമൂഹത്തിലെ പാവപ്പെട്ടവരുടെ നിത്യജീവിതത്തെ സഹായിക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിൽ ഉണ്ടാകണം. മീനച്ചിൽ നദീതട പദ്ധതി നടപ്പാക്കുന്നതിന് ശാസ്ത്രീയ പഠനം നടത്തി തീരുമാനമെടുക്കണം. മുൻമുഖ്യമന്ത്രി കെ. കരുണാകരന്റെ സ്മരണയ്ക്കായി സ്റ്റേഡിയത്തിനും സി.കേശവൻ സ്മാരകത്തിനും ധനസഹായം നൽകിയത് സ്വാഗതാർഹമാണ്. അതോടൊപ്പം മുൻ മുഖ്യമന്ത്രി പി.കെ. വാസുദേവൻ നായരുടെ മെമ്മോറിയൽ ഫണ്ടിലേക്ക് ധനസഹായം അനുവദിക്കാനും നടപടി ഉണ്ടാകണം. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തണം.

<u>ശ്രീ. ബെന്നി ബെഹനാൻ:</u> വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ധനകാര്യ വകപ്പുമന്ത്രിയുടെ ധവളപത്രം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സൂചിപ്പിക്കുന്നതാണ്. കേരളത്തിന്റെ ഭാവിക്ക് ഒട്ടേറെ പ്രതീക്ഷകൾ നൽകുന്ന ബഡ്ജറ്റാണിത്. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കി 'അതിവേഗം ബഹുദൂരം' പോകുന്ന സർക്കാരാണിത്. ബഡ്ജറ്റിലെ അസന്തുലിതാവസ്ഥ പരിഹരിക്കാനുള്ള സമീപനം സ്വാഗതാർഹമാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ നാല് മെഡിക്കൽ കോളേജുകൾ, രാജീവ് ആരോഗ്യശ്രീ തുടങ്ങിയ പദ്ധതികളിലൂടെ ആരോഗ്യരംഗത്ത് കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ ഈ ഗവൺമെന്റിന് സാധിക്കും. ക്യാൻസർ, കിഡ്നി, ഹൃദയ ചികിത്സ, പാലിയേറ്റീവ് കെയർ രോഗികൾക്കായി പ്രത്യേക ഭാഗ്യക്കുറി നറുക്കെടുപ്പുകൾ നടത്തുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ കിലോഗ്രാമിന് രണ്ട് രൂപയ്ക്ക് അരി നൽകുമെന്ന്

പ്രഖ്യാപിച്ചിരുന്നുവെങ്കിലും അതിനാവശ്യമായ തുക ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നില്ല. ഈ ഗവൺമെന്റ് കിലോഗ്രാമിന് ഒരു രൂപയ്ക്ക് അരി നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. തിരൂരിൽ മലയാള സർവ്വ കലാശാല സ്ഥാപിക്കുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ നീക്കി വച്ചത് സ്വാഗതാർഹമാണ്. മൂന്നാറിൽ ഭൂമി കയ്യേറ്റം ഫലപ്രദമായി തടയുന്നതിനും സ്വാശ്രയ കോളേജ് പ്രശ്നത്തിന് പരിഹാരനടപടികൾ സ്വീകരിക്കുന്നതിനും നടത്തിയ ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. റവന്യൂ വരുമാനവും മൂലധനച്ചെലവും വർദ്ധിപ്പിക്കുന്നതിനും റവന്യൂക്കമ്മി കുറയ്ക്കുന്നതിനും ഈ ബഡ്ജറ്റിലൂടെ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ധവളപത്രത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് സംസ്ഥാനത്തിന്റെ പൊതുക്കട വർദ്ധനവിന്റെ തോത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൂടുതലാകാനുള്ള കാരണം വ്യക്തമാക്കണം. വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിയതുകൊണ്ടാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ചെലവ് വർദ്ധിച്ചത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളം ആർജ്ജിച്ച എല്ലാ നേട്ടങ്ങളെയും പുറകോട്ട് നയിക്കുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ഭൂപരിഷ്ക്കരണ നിയമം ദുരുപയോഗം ചെയ്യുന്നതിനുള്ള ശ്രമങ്ങളെ തടയണം. കശുമാവിൻതോട്ടങ്ങളെ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കാനുള്ള തീരുമാനം കേരളത്തിൽ മിച്ചഭൂമിയില്ലെന്ന സ്ഥിതിയുണ്ടാക്കും. തോട്ടങ്ങളിൽ അഞ്ച് ശതമാനം ടൂറിസത്തിന് ഏൽപ്പിക്കണമെന്ന നിർദ്ദേശം ഭൂമാഫിയകളെ സഹായിക്കുന്നതാണ്. കഴിഞ്ഞ ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി അന്യാധീനപ്പെട്ട ആയിരക്കണക്കിന് ഏക്കർ ഭൂമി ഏറ്റെടുക്കാൻ

കഴിഞ്ഞിട്ടുണ്ട്. വയനാട്ടിലെ അന്യാധീനപ്പെട്ട ഭൂമി ഏറ്റെടുക്കാൻ സർക്കാർ തയ്യാറാകണം. വിലക്കയറ്റം തടയുന്നതിന് നടപടികൾ സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): വോട്ട് ഓൺ അക്കൗണ്ട് ചർച്ചയിൽ ഉയർന്നുവന്ന നല്ല അഭിപ്രായങ്ങൾ സ്വീകരിക്കുന്നതാണ്. സ്ക്കൂൾ കുട്ടികൾക്ക് പാൽ വിതരണം ചെയ്യുന്നതിനായി 40 കോടി 90 ലക്ഷം രൂപയും മുട്ട വിതരണം ചെയ്യുന്നതിന് 13 കോടി 20 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ശബരിമലയിലേക്ക് പോകുന്ന 17 റോഡുകളുടെ മെയിന്റനൻസിനും അപ്ഗ്രഡേഷനുംവേണ്ടി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളതിന് പുറമെ 63 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്താതെ ഇടതുപക്ഷ സർക്കാർ നടത്തിയ പ്രഖ്യാപനങ്ങളെക്കുറിച്ച് ധവളപത്രത്തിൽ വിശദമായി പറഞ്ഞിട്ടുണ്ട്. 2009-10-ൽ 10,000-കോടി രൂപയുടെ സ്റ്റിമുലസ് പാക്കേജ് പ്രഖ്യാപിച്ചിരുന്നതിൽ 1280 വർക്കുകൾക്കായി 3,000 കോടി രൂപയ്ക്ക് എ.എസ്. കൊടുത്തതിൽ മാർച്ച് 31 വരെ 324 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ സ്പിൽ ഓവറായി ഈ ഗവൺമെന്റിന് ഏറ്റെടുക്കേണ്ടി വന്നിരിക്കുന്ന കമ്മിറ്റ്മെന്റ് 2,100 കോടി രൂപയാണ്. വിഷൻ 2010 സ്കീമിൽ എം.എൽ.എ.മാർക്ക് ഓരോ കോടി രൂപ അനുവദിച്ചെങ്കിലും പല വർക്കുകളും ആരംഭിച്ചിട്ടില്ല. ആ വകയിൽ വന്നിരിക്കുന്ന ലയബിലിറ്റി 115 കോടി രൂപയാണ്. ഇതിനുപുറമേ 2006 മുതൽ 2010 വരെ 161 കോടി രൂപ ബഡ്ജറ്റിൽ പ്രൊവൈഡ് ചെയ്ത വർക്കുകൾക്ക് എക്സസ്സീവ് എ.എസ്. കൊടുത്തതിന്റെ ഫലമായി 1,300 കോടി രൂപയുടെ അഡീഷണൽ കമ്മിറ്റ്മെന്റ് ഉണ്ടായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ആനുവൽ ഓപ്പറേഷണൽ ലോസ് 480 കോടി രൂപയാണ്. ധവളപത്രത്തിലെ കാൽക്കുലേഷൻ അനുസരിച്ച്

10,197 കോടി രൂപയാണ് അഡീഷണൽ കമ്മിറ്റ്മെന്റ്. 2009 ജൂലൈ മുതലുള്ള ശമ്പളത്തിന്റെയും പെൻഷന്റേയും കുടിശ്ശിക നൽകുന്നതിനായി 4,825 കോടി രൂപയും വർക്സ് ലയബിലിറ്റി തീർക്കുന്നതിനായി 308 കോടി രൂപയും വക യിരുത്തിയിട്ടുണ്ട്. ഈ തുക ഒഴികെ ഈ വർഷം ഉണ്ടായിരിക്കുന്ന അഡീഷണൽ കമ്മിറ്റ്മെന്റ് 5,064 കോടി രൂപയാണ്. ബഡ്ജറ്ററി സപ്പോർട്ട് ഇല്ലാതെയും റിസോഴ്സ് കണ്ടെത്താതെയും ഇത്രയും വലിയ ബാധ്യത അടുത്ത ഗവൺമെന്റിനെ ഏൽപ്പിച്ച ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. റവന്യു കമ്മി കുറയ്ക്കാത്തതിന്റെ പേരിൽ 812 കോടി രൂപയും ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് ഇനത്തിൽ ലഭിക്കാനുള്ള 414 കോടി രൂപയും പദ്ധതി ച്ചെലവിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാത്തതുകൊണ്ട് 414 കോടി രൂപയും പി.ഡബ്ള്യു.ഡി മെയിന്റനൻസ് നടത്താത്തതുകൊണ്ട് 174 കോടി രൂപയും ധനകാര്യ കമ്മീഷന്റെ തത്വമനുസരിച്ച് വർക്കബിൾ പ്രോജക്ട് കൊടുക്കാത്തതുകൊണ്ട് 240 കോടി രൂപയും സംസ്ഥാനത്തിന് നഷ്ടപ്പെട്ടു. സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഇരുപത്തി അയ്യായിരത്തി നാൽപ്പത് കോടി രൂപയായി വർദ്ധിച്ച സാഹചര്യത്തിൽ സർക്കാർ ടാക്സ് കൊണ്ടുവരികയോ പദ്ധതിച്ചെലവ് വെട്ടിക്കുറയ്ക്കുകയോ കടമെടുക്കുകയോ ചെയ്യേണ്ടിവരും. സംസ്ഥാനത്തിന് കടമെടുക്കുന്നതിന് പരിമിതികളുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് ഭാവിയിൽ ആനുകൂ ല്യങ്ങൾ നഷ്ടപ്പെടാതിരിക്കാൻ ഗവൺമെന്റ് ഫിസ്ക്കൽ റെസ്പോൺസിബി ലിറ്റി ആക്ട് അമെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. ട്രഷറിയിൽ പലിശരഹിത നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് പ്രത്യേക കൗണ്ടർ ആവശ്യമാണെന്ന ആശയം സർക്കാർ ഉൾക്കൊള്ളുന്നതോടൊപ്പം നിക്ഷേപകർക്ക് ന്യായമായ ലാഭവിഹിതം നൽകുന്ന കാര്യവും പരിഗണിക്കുന്നുണ്ട്. ചെറുകിട കൃഷി

ക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി മുൻ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന വനം, പരിസ്ഥിതി നിയമത്തിൽനിന്ന് കാർഷിക ഭൂമിയെ ഒഴിവാക്കുന്ന നിയമം നടപ്പിലാക്കും. മനോഹരവും വികസനോന്മുഖവുമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

67-ന് എതിരെ 71 വോട്ടുകളോടെ വോട്ട് ഓൺ അക്കൗണ്ട് സഭ പാസ്സാക്കി.

സഭ വൈകുന്നേരം 4.20-ന് പിരിഞ്ഞു.

@@@@@@@@